# Desabhimani
# 21 August 2018
# Thiruvananthapuram;
# Relief,Other State Workers



## ഇതര സംസ്ഥാന തൊഴിലാളികൾക്കും ആശ്വാസം എത്തിക്കണം: മുഖ്യമന്ത്രി

**തിരുവനന്തപുരം**

വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്കും ഭക്ഷണവും മറ്റ് അത്യാവശ്യ സഹായങ്ങളും ലഭ്യമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ ആയിരക്കണക്കിന് ഇതര സംസ്ഥാനത്തൊഴിലാളികളുണ്ട്. താമസസ്ഥലമോ ഭക്ഷണമോ കിട്ടാതെ പലരും പ്രയാസപ്പെടുന്നുണ്ട്.

ഈ സാഹചര്യത്തിൽ അവർക്കും ആശ്വാസമെത്തിക്കണം. വെള്ളമിറങ്ങിവരുന്ന സാഹചര്യത്തിൽ ഇഴജന്തുക്കളുടെ ശല്യം പല പ്രദേശങ്ങളിലുമുണ്ടാകും. അത് കണക്കിലെടുത്ത് പ്രളയബാധിതപ്രദേശത്തെ ആശുപത്രികളിൽ ആവശ്യത്തിന് ആന്റിവെനം ലഭ്യമാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.